# ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാഭ്യാസ പ്രവര്‍ത്തനങ്ങള്‍

**അശ്ഫാഖ് അഹ്മദ്**

(ഡയറക്ടര്‍, ജമാഅത്തെ ഇസ്‌ലാമി വിദ്യാഭ്യാസ വകുപ്പ്)

1941-ല്‍ ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കുന്നതിന്റെ ഏതാനും വര്‍ഷം മുമ്പുതന്നെ, തര്‍ജുമാനുല്‍ ഖുര്‍ആന്‍ മാസികയിലൂടെ നിലവിലുള്ള സാമൂഹിക വ്യവസ്ഥയുടെ വിവിധ വശങ്ങളെ അപഗ്രഥിക്കുന്ന കൂട്ടത്തില്‍ വിദ്യാഭ്യാസ മേഖലയിലെ അപര്യാപ്തകളെയും സയ്യിദ് അബുല്‍ അഅ്‌ലാ മൗദൂദി തുറന്നുകാണിക്കാന്‍ തുടങ്ങിയിരുന്നു. 1936 ആഗസ്റ്റിലും അതിനു ശേഷവും "നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥയുടെ അടിസ്ഥാന വൈകല്യം'', "മുസ്‌ലിംകള്‍ക്കു പുതിയ വിദ്യാഭ്യാസ നയം", "പുതിയ വിദ്യാഭ്യാസ വ്യവസ്ഥ തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് അലീഗര്‍ മുസ്‌ലിം യൂണിവേഴ്‌സിറ്റിയിലും ലക്‌നോവിലെ ദാറുല്‍ ഉലൂം നദ്‌വത്തുല്‍ ഉലമായിലും അവതരിപ്പിച്ച പ്രബന്ധങ്ങള്‍ ചരിത്രപ്രസിദ്ധമാണ്. ഈ പ്രബന്ധങ്ങളിലൂടെ പ്രസ്തുത സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ പദ്ധതിക്കു പരിഷ്‌കരണം നിര്‍ദേശിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്തുണ്ടാവേണ്ട സുപ്രധാന മാറ്റങ്ങളിലേക്ക് അദ്ദേഹം വിരല്‍ ചൂണ്ടുകയുണ്ടായി.

1941-ല്‍ ജമാഅത്തെ ഇസ്‌ലാമി രൂപീകരണത്തോടൊപ്പം തന്നെ വിദ്യാഭ്യാസ പരിഷ്‌കരണത്തെക്കുറിച്ച ചിന്തയും സജീവ പരിഗണനയില്‍ വന്നിരുന്നു. ജമാഅത്തിനു കീഴില്‍ ഒരു വിദ്യാഭ്യാസവകുപ്പ് (ശുഅ്ബയെ തഅ്‌ലീം) രൂപീകരിക്കുകയും തുടര്‍ന്നുള്ള നടപടികള്‍ ആരംഭിക്കുകയും ചെയ്തു. 1947-ല്‍, ഇന്ത്യ വിഭജിക്കപ്പെട്ടതോടെ ജമാഅത്തെ ഇസ്‌ലാമിയും രണ്ടായിത്തീര്‍ന്നു.

ഇന്ത്യന്‍ ജമാഅത്തെ ഇസ്‌ലാമിയുടെ കീഴില്‍ 1948 സെപ്റ്റംബര്‍ 28-ന് പുനഃസംഘടിപ്പിക്കപ്പെട്ട വിദ്യാഭ്യാസ വകുപ്പിന്റെ യോഗം റാംപൂരില്‍ ചേര്‍ന്നു. 1949-ലാണ് റാംപൂരില്‍ 'മര്‍കസി ദര്‍സ് ഗാഹെ ഇസ്‌ലാമി' നിലവില്‍വന്നത്. ഈ സ്ഥാപനം ഇന്നും പ്രശസ്തമായ നിലയില്‍ നടന്നുവരുന്നു. 'മര്‍കസീ ദര്‍സ് ഗാഹ്' ജമാഅത്തിന്റെ പുതിയ വിദ്യാഭ്യാസ പദ്ധതിയുടെ ഒരു പരീക്ഷണം മാത്രമായിരുന്നു. ജനാബ് അഫ്‌സല്‍ ഹുസൈന്‍ സാഹിബായിരുന്നു ദര്‍സ് ഗാഹിന്റെ ഡയറക്ടര്‍ (നാസിം). അക്കാലത്ത് ഒരു ട്രൈനിംഗ് കോളേജില്‍ വൈസ് പ്രിന്‍സിപ്പലായി ജോലി ചെയ്യുകയായിരുന്ന അടുത്തുതന്നെ പ്രിന്‍സിപ്പലായി പ്രമോഷന്‍ ലഭിക്കാനിരിക്കുകയായിരുന്നു. ഉയര്‍ന്ന ജോലി ഉപേക്ഷിച്ചുകൊണ്ടാണ് അദ്ദേഹം ദര്‍സ് ഗാഹിന്റെ 'നാസിമാ'യി ചാര്‍ജെടുത്തത്. അഫ്‌സല്‍ ഹുസൈന്‍ സാഹിബിനെ സഹായിക്കാനായി അന്ന് ദല്‍ഹിയിലെ പ്രസിദ്ധമായ റയ്ന്‍ഗ്ലോ അറബിക് സ്‌കൂളില്‍ അധ്യാപകനായിരുന്ന ശഫീ മുനീസ് സാഹിബും ദര്‍സ് ഗാഹിലേക്ക് വന്നു.

## പുതിയ പാഠപുസ്തകങ്ങള്‍

ഒരു പുതിയ വിദ്യാഭ്യാസ വ്യവസ്ഥയും പാഠ്യപദ്ധതിയുടെ അടിസ്ഥാനമാക്കി നിലവില്‍വന്ന ദര്‍സ് ഗാഹിന്റെ മുമ്പിലുള്ള ഏറ്റവും വലിയ വെല്ലുവിളി അനുയോജ്യമായ പാഠപുസ്കങ്ങള്‍ തയാറാക്കുക എന്നതായിരുന്നു. നിലവിലുള്ള പാഠപുസ്തകങ്ങളൊന്നും പറ്റുമായിരുന്നില്ല. അതിനാല്‍, വിദഗ്ദരായ ആളുകളെ ഏര്‍പെടുത്തി പുതിയ പാഠപുസ്കങ്ങള്‍ തയാറാക്കുന്ന ഒരു പദ്ധതിക്ക് ദര്‍സ്ഗാഹ് തുടക്കംകുറിച്ചു. പ്രാഥമിക ഘട്ടത്തിലേക്കാവശ്യമായ എല്ലാ വിഷയങ്ങളിലുമുള്ള പാഠപുസ്കങ്ങള്‍ ഇതിനകം തയാറായിരിക്കുന്നു. ഇവ മൊത്തം എഴുപത്തഞ്ചോളം വരും.

## സവിശേഷത

വിഷയങ്ങളെല്ലാം ഇസ്‌ലാമിക വീക്ഷണത്തില്‍ അവതരിപ്പിക്കുന്നു എന്നതാണ് ഈ പാഠപുസ്തകങ്ങളുടെ പ്രത്യേകത. ഭാഷയിലും അവതരണത്തിലും പരമാവധി ലാളിത്യം ദീക്ഷിച്ച് കുട്ടികളുടെ അഭിരുചിക്കിണങ്ങും വിധമാണ് ഓരോ പാഠവും തയാറാക്കിയിട്ടുള്ളത്. ആധുനിക വിദ്യാഭ്യാസ സങ്കേതങ്ങള്‍, കുട്ടികളുടെ മനഃശാസ്ത്രം എന്നിവയും ആദ്യന്തം പരിഗണിച്ചിരിക്കുന്നു. ഈ പാഠപുസ്കങ്ങള്‍ക്ക് ഇരുപതിലധികം പതിപ്പുകള്‍ ഇതിനകം ഇറങ്ങിക്കഴിഞ്ഞു. ജമാഅത്തിന്റെ മാത്രമല്ല, മറ്റുള്ളവരുടെയും വിദ്യാലയങ്ങളില്‍ അവ പഠിപ്പിക്കപ്പെടുന്നു. ''ഹമാരീ കിതാബ്" എന്ന ഉര്‍ദു പാഠാവലിയാണ് ഇവയില്‍ ഏറ്റവും സ്വീകാര്യത നേടിയ പുസ്തകം.

വൈവിധ്യമാര്‍ന്ന വിഷയങ്ങള്‍, രസകരമായ കഥകള്‍, ഉദ്ദേശ്യപൂര്‍ണമായ സംഭാഷണങ്ങള്‍ എന്നിവ പാഠപുസ്തകങ്ങളുടെ പതിവു വിരസത ഇല്ലാതാക്കുന്നു. സ്വതേ വരണ്ട കണക്കു പുസ്തകങ്ങള്‍ പോലും അത്യന്തം രസകരമായിരിക്കുന്നു. കണക്കു പുസ്‌കത്തിന് അഫ്‌സല്‍ ഹുസൈന്‍ സാഹിബ് നല്‍കിയ പേരുതന്നെ 'ആസാന്‍ റിയാസി' (ലളിത ഗണിതം) എന്നാണ്. ഇസ്‌ലാമിനെ കുറിച്ചുകൂടി പ്രാഥമികമായ അറിവ് ലഭിക്കത്തക്കവിധമാണ് കണക്കു പുസ്തകം തയാറാക്കിയിട്ടുള്ളത്. ഉദാഹരണമായി, ഗുണിക്കാന്‍ കൊടുക്കുന്ന ഒരു പ്രശ്‌നം അഞ്ചു നമസ്‌കാരത്തെ അതിലെ റക്അത്തുകളോട് ഗുണിക്കുക എന്നാണ്. ഇങ്ങനെ സകാത്ത്, ഉശ്‌റ്, അനന്തരാവകാശ വിതരണം തുടങ്ങിയവയെ കുറിച്ച കണക്കുകള്‍ വരെയുണ്ട്. ഇതുപോലെ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്‌നങ്ങളും കുട്ടികളുടെ മാനസികവും ബുദ്ധിപരവുമായ വളര്‍ച്ചക്കുതകുന്ന കാര്യങ്ങളും ഉള്‍പെടുത്തിയിരിക്കുന്നു.

ഭൂമിശാസ്ത്ര പുസ്തകമായ "നമ്മുടെ ലോകം" കൃത്രിമമായ അതിര്‍വരമ്പുകള്‍ ഇല്ലാത്ത ആഗോള സാഹോദര്യ ഭാവം ചെറുപ്പത്തിലേ കുട്ടികളുടെ മനസ്സില്‍ വളര്‍ത്തിയെടുക്കാന്‍ പാകത്തിലാണ് തയാറാക്കിയിരിക്കുന്നത്.

## സ്ഥാപനങ്ങള്‍

1949-ല്‍ തന്നെ റാംപൂരില്‍ ഒരു സെക്കന്ററി ദര്‍സ് ഗാഹ് തുടങ്ങിയിരുന്നു. വളരെ നല്ല നിലയില്‍ നടന്നുവന്നിരുന്ന ഈ സ്ഥാപനം 1960-ന് ശേഷം നിന്നുപോയി. ഇപ്പോള്‍ അത് വീണ്ടും പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങള്‍ നടത്തിവരുന്നുണ്ട്.

1961-ല്‍ ജമാഅത്തു പ്രവര്‍ത്തകര്‍ സമുദായത്തിലെ ചില നല്ല വ്യക്തികളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് ബല്‍റിയാഗഞ്ചില്‍ 'ജാമിഅത്തുല്‍ ഫലാഹ്' എന്ന പേരില്‍ ഒരു കോളേജ് സ്ഥാപിച്ചു.

4500-ഓളം വിദ്യാർഥികൾ പഠിക്കുന്ന ഈ സ്ഥാപനം ഒരുപക്ഷേ, ഉത്തരേന്ത്യയിലെ ഏറ്റവും വലിയ ഇസ്‌ലാമിക കലാലയമായിരിക്കും. ആൺകുട്ടികൾക്കു പുറമെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും ഇവിടെ സൗകര്യമുണ്ട്. ഇസ്‌ലാമിക വിദ്യാഭ്യാസത്തോടൊപ്പം ആധുനിക വിദ്യാഭ്യാസവും ഇവിടെ നൽകപ്പെടുന്നു. യൂനിവേഴ്സിറ്റി പരീക്ഷ എഴുതിക്കുന്നില്ല. എങ്കിലും ഈ സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റ് അലീഗർ യൂനിവേഴ്സിറ്റിയും ജാമിഅ മില്ലിയ്യയും ബി.എ.ക്കു തുല്യമായി അംഗീകരിച്ചിട്ടുണ്ട്.

1972-ൽ റാംപൂരിൽ സ്ഥാപിതമായ 'മദ്രസത്തുസ്സാലിഹാത്ത്' പെൺകുട്ടികൾക്ക് മാത്രമായുള്ള സ്ഥാപനമാണ്. ഇന്ത്യയുടെ മിക്ക സംസ്ഥാനങ്ങളിൽ നിന്നുമുള്ള പെൺകുട്ടികൾ ഇവിടെ പഠിക്കുന്നു. ഉന്നതകളായ പണ്ഡിതകളെ വാർത്തെടുക്കുകയാണ് സ്ഥാപനത്തിന്റെ ലക്ഷ്യം. ഇവർക്കു പറമെ, പല സംസ്ഥാനങ്ങളിലുമായി ഉന്നത നിലവാരത്തിൽ നടന്നുവരുന്ന ഒരുപാടു സ്ഥാപനങ്ങളുണ്ട്. ഹൈദരാബാദിലെ 'ജാമിഅ ദാറുൽ ഹുദാ', മഹാരാഷ്ട്രയിലെ മാലിഗോണിലുള്ള 'ജാമിഅത്തുൽ ഹുദാ', കർണാടകയിലെ ഹാസനിലുള്ള 'മൻസൂറാ ഇസ്‌ലാമിക് അറബിക് കോളേജ്', ബീഹാറിലെ 'ദർസ് ഗാഹെ ഇസ്‌ലാമി' (ഇസ്‌ലാം നഗർ), തമിഴ്നാട്ടിലെ നവമുസ്‌ലിംകൾക്കായുള്ള 'വെല്ലൂർ ഇസ്‌ലാമിക് സെന്റർ' തുടങ്ങിയവയും എടുത്തുപറയത്തക്ക സ്ഥാപനങ്ങളാണ്.

വിവിധ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതിനുവേണ്ടി വിദ്യാഭ്യാസ ബോർഡുകൾ പ്രവർത്തിച്ചുവരുന്നു. കേരളത്തിലെയും ബീഹാറിലെയും 'മജ്‌ലിസുത്തഅ്ലീമിൽ ഇസ്‌ലാമി', ഉത്തർപ്രദേശിലെ 'ഫലാഹ് ആം സൊസൈറ്റി' എന്നിവ ഈ രംഗത്ത് ശ്രദ്ധാർഹമായ സേവനങ്ങൾ കാഴ്ചവെക്കുന്നു.

### അധ്യാപക പരിശീലനം

അധ്യാപകരുടെ പരിശീലനത്തിനു വേണ്ടി സമഗ്രമായ ഒരു പാഠ്യപദ്ധതി തയാറാക്കി രാജ്യത്തെ വിവിധ നഗരങ്ങളിൽ സംഘടിപ്പിച്ച ട്രെയ്നിംഗ് സെന്ററുകൾ ഒട്ടനവധി അധ്യാപകർക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഈ സംരംഭം ഇപ്പോഴും തുടരുന്നു. ഉത്തർപ്രദേശിലെ ഫലാഹ് ആം സൊസൈറ്റിയുടെ കീഴിൽ കഴിഞ്ഞ നാലു വർഷമായി, വർഷംതോറും ഒരു മാസം നീണ്ടുനിൽക്കുന്ന അധ്യാപക പരിശീലന കോഴ്സുകൾ നടത്തിവരുന്നു. കാൺപൂരിൽ ഒരു ക്യാമ്പ് അധ്യാപികമാർക്ക് മാത്രമായും നടത്തപ്പെടുകയുണ്ടായി. ബീഹാർ, കേരള എന്നിവിടങ്ങളിലും ഇത്തരം ക്യാമ്പുകൾ നടത്തപ്പെട്ടിട്ടുണ്ട്.

ഉത്തർപ്രദേശ് ഫലാഹ് ആം സൊസൈറ്റിഅധ്യാപകരുടെ ട്രൈനിംഗ് ഉദ്ദേശിച്ച് വീഡിയോ കാസറ്റുകളും തയാറാക്കിയിരിക്കുന്നു. മഹാരാഷ്ട്രയിലെ 'അൽഹിറാ എജുക്കേഷനൽ ആന്റ് വെൽഫയർ സൊസൈറ്റി' (ഔറംഗബാദ്)യും ഇത്തരം വീഡിയോ കാസറ്റുകൾ തയാറാക്കിയിട്ടുണ്ട്.

### അഫ്സൽ ഹുസൈൻ സാഹിബിന്റെ സേവനം

ജമാഅത്തെ ഇസ്‌ലാമി രൂപീകരണത്തിനു ശേഷം വിദ്യാഭ്യാസ സംബന്ധമായ അധിക ഉത്തരവാദിത്തങ്ങളും ജനാബ് അഫ്സൽ ഹുസൈൻ സാഹിബ് ആണ് നിർവഹിച്ചിട്ടുള്ളത്. 1949 മുതൽ 1964 വരെ പതിനഞ്ചു വർഷം അദ്ദേഹം 'മർകസി ദർസ് ഗാഹെ ഇസ്‌ലാമി'യുടെ ഡയറക്ടറായിരുന്നു. 1964 മുതൽ 1970 വരെ ജമാഅത്തിന്റെ അസിസ്റ്റന്റ് സെക്രട്ടറിയായും 1972 മുതൽ 1989 വരെ ജനറൽ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു. ഈ കാലമത്രയും ജമാഅത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന്റെ സജീവ സാന്നിധ്യം ഉണ്ടായിരുന്നു. ഒരു ഡിപ്പാർട്ട്മെന്റ് ചെയ്യുന്ന പ്രവർത്തനമാണ് 45 വർഷം അദ്ദേഹം ഒറ്റക്ക് നിർവഹിച്ചത്. നാൽപതിലധികം പാഠപുസ്കങ്ങൾ അദ്ദേഹം സ്വന്തമായിത്തന്നെ രചിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ 'ഫന്നെ തഅ്ലീം ഒ തർബിയ്യത്ത്' എന്ന പുസ്തകം വിദ്യാഭ്യാസ ശാസ്ത്രം സംബന്ധിച്ച ഒരു കിടയറ്റ കൃതിയാണ്. മഹാരാഷ്ട്രാ ഗവൺമെന്റ് അംഗീകരിച്ച ഈ കൃതിക്ക് ഇന്ത്യയിലും പാക്കിസ്ഥാനിലും നിരവധി പതിപ്പുകൾ ഇറങ്ങിയിട്ടുണ്ട്. ഈയിടെ ബംഗ്ലാദേശിൽ അതിന്റെ ബംഗാളി തർജമയും പുറത്തിറങ്ങുകയുണ്ടായി.

### വിദ്യാഭ്യാസ വകുപ്പ്

വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾക്കു മേൽനോട്ടം നൽകുവാനായി കേന്ദ്രതലത്തിൽ ഒരു വിദ്യാഭ്യാസ വകുപ്പിന് ജമാഅത്തെ ഇസ്‌ലാമി രൂപംനൽകിയിട്ടുണ്ടെന്ന് പറഞ്ഞല്ലോ. മൂന്ന് തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ വകുപ്പിന്റെ കീഴിൽ നടക്കുന്നത്

1. പാഠപുസ്തകങ്ങൾ തയാറാക്കുക, പുനപരിശോധിക്കുക, ഹിന്ദിയിലേക്കും മറ്റും വിവർത്തനം ചെയ്യുക.

2. അധ്യാപകരുടെ പരിശീലനം.

3.ജമാഅത്തിനു കീഴിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകീകരിക്കുക.

ഈ വകുപ്പിന്റെ കീഴിൽ പുതിയ പാഠപുസ്തകങ്ങളുടെ നിർമാണം തുടങ്ങിയിട്ടുണ്ട്. പാഠപുസ്തക നിർമാണത്തിൽ കഴിവും പരിചയവുമുള്ള ആളുകളെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഈ സംരംഭവുമായി സഹകരിപ്പിച്ചു വരുന്നു.

വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും സമിതികളുടെയും അനുഭവങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി അവയെ പരസ്പരം സഹകരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും തുടങ്ങിയിട്ടുണ്ട്.

### സർക്കാർ വിദ്യാഭ്യാസനയം

ഈ പ്രവർത്തനങ്ങൾക്ക് പുറമെ, സർക്കാർ വിദ്യാഭ്യാസനയത്തെ വിശകലനം ചെയ്യാനും അതിലെ ആക്ഷേപാർഹങ്ങളായ ഭാഗങ്ങൾ യഥാസമയം ചൂണ്ടിക്കാണിച്ച് തിരുത്തിക്കാനുള്ള ശ്രമങ്ങളും, കേന്ദ്ര തലത്തിലും സംസ്ഥാനതലങ്ങളിലും നടന്നുവരുന്നു.

1964-ൽ അഖിലേന്ത്യാ വിദ്യാഭ്യാസ കമീഷൻ (കോത്താരി കമീഷൻ) പ്രവർത്തനമാരംഭിച്ചപ്പോൾ ജമാഅത്ത് സമഗ്രമായ ഒരു മെമോറാണ്ടം തയാറാക്കി കമീഷന് സമർപ്പിക്കുകയുണ്ടായി. കമീഷന്റെ ശുപാർശകളിൽ ചിലത് മുസ്‌ലിംകളുടെ താൽപര്യങ്ങൾക്ക് ഹാനികരമായിരുന്നു. ഇതിനെതിരെ വിവിധ തലങ്ങളിൽനിന്ന് പ്രതിഷേധം ഉയർന്നുവന്നു. അപ്പോൾ 1967 ആഗസ്റ്റിൽ ഉത്തർപ്രദേശ് ദീനീ തഅ്ലീമി കൗൺസിലിന്റെ ഒരു പ്രതിനിധസംഘം വിദ്യാഭ്യാസമന്ത്രിയെ ചെന്നുകണ്ട് ആ ശുപാർശകൾ റദ്ദു ചെയ്യാനാവശ്യപ്പെട്ടു. അതിനു ഫലമുണ്ടാവുകയും ചെയ്തു.

1986-ൽ കേന്ദ്ര ഗവൺമെന്റ് വിദ്യാഭ്യാസനയം രൂപീകരിക്കുമ്പോഴും ധാർമിക വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് ഒരു പ്രമേയം തയാറാക്കി ജമാഅത്ത് ഗവൺമെന്റിന് സമർപ്പികക്കുകയുണ്ടായി.

നടേ സൂചിപ്പിച്ച കോത്താരി കമീഷനിലെ പ്രതിഷേധാർഹമായ ചില ശുപാർശകൾ 1989-ൽ രാമമൂർത്തി കമീഷന്റെ മുമ്പിൽ വീണ്ടും പരിഗണനക്ക് വന്നപ്പോൾ അത് തക്കസമയത്ത് തന്നെ ജമാഅത്ത് കണ്ടെത്തുകയും ഗവൺമെന്റിനെ പ്രതിഷേധമറിയിക്കുകയും ചെയ്തു. മാത്രമല്ല, മുസ്‌ലിം സമുദായത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ സംബന്ധിച്ച് സമഗ്രമായ ഒരു മെമോറാണ്ടം തയാറാക്കി കമീഷനു മുമ്പാകെ സമർപ്പിക്കുകയും ചെയ്തു.

പാഠപുസ്തകങ്ങളിലെ, തെറ്റിദ്ധാരണാജനകമായ പരാമർശങ്ങൾ നീക്കം ചെയ്യിക്കുന്നതിന് നിരവധി അവസരങ്ങളിൽ വിജയകരമായ പരിശ്രമങ്ങൾ ജമാഅത്ത് നടത്തിയിട്ടുണ്ട്. ദൽഹി അഡ്മിനിസ്ട്രേഷൻ ആറാം ക്ലാസിലേക്കും ഏഴാം ക്ലാസിലേക്കും നിർബന്ധ പാഠപുസ്തകമാക്കിയ രണ്ടു പുസ്തകങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് രാജീവ്ഗാന്ധിക്കും വി.പി. സിംഗിനും അവർ പ്രധാനമന്ത്രിയായിരുന്ന കാലങ്ങളിൽ കത്തയക്കുകയുണ്ടായി. രണ്ടു പേരും പുസ്തകം പിൻവലിക്കാമെന്ന് സമ്മതിച്ചിരുന്നുവെങ്കിലും അതുസംബന്ധിച്ച് നടപടികളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല.

ചുരുക്കത്തിൽ ജമാഅത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആശാവഹമായ ഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. എങ്കിലും ഈ രംഗത്ത് ഒരുപാട് ദൂരം സഞ്ചരിക്കേണ്ടതായിട്ടാണിരിക്കുന്നത്.